## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *65**

**27/04/2017 ൽ മറുപടിയ്ക്ക്**

### കശുവണ്ടി വ്യവസായ സംരക്ഷണം

**ചോദ്യം**

ശ്രീമതി.യു.പ്രതിഭ ഹരി
ശ്രീ.പി.അയിഷാ പോറ്റി
ശ്രീ.എം.എം.ആരിഫ്
ശ്രീ.എം.നൗഷാദ്

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യത കുറവും മൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലുകളെ തുടർന്ന് 17/08/2016 തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് നടത്തി വരികയാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തി വരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപെക്സിനും അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) | അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ വ്യവസായ ബന്ധ സമിതി ചേർന്നിരുന്നോ; മാനേജ്മെന്റുകളുടെ നിലപാട് എന്തായിരുന്നു | (ബി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി വ്യവസായ ബന്ധ സമിതി യോഗം ചേർന്നിരുന്നു. നിലവിലുള്ള സാഹചര്യത്തിൽ നഷ്ടമില്ലാതെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാട് മാനേജ്മെന്റ് പ്രതിനിധികൾ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് വ്യവസായം നടത്തുന്ന വരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി അനുകൂല |

| | | | |
|---|---|---|---|
| | | | മായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധി കളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി രൂപീകരിക്കുവാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനും തീരുമാനി ച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസം കാരണവും തോട്ടണ്ടി ലഭ്യതക്കുറവു മൂലവും ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് അതിനു വേണ്ട അധികാരങ്ങളുള്ള ഒരു ഉന്നതതല സമിതി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണ നയിലാണ്.<br>അനധികൃതമായി അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറി കളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തി പ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഫാക്ടറി ഉടമകൾ ഉന്നയിക്കുന്ന മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ? | (സി) | ഫാക്ടറി ഉടമകൾ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.<br>(1) ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം |

| | | | |
|---|---|---|---|
| | | | യഥാവിധി ലഭിക്കുന്നില്ല. ലോൺ കുടിശ്ശിക ഈടാക്കുന്നതിന് ബാങ്കുകൾ കടുത്ത നടപടികൾ സ്വീകരിക്കുന്നു. അതിനാൽ നിലവിലുള്ള ലോണിന് മോറട്ടോറിയം ഏർപ്പെടുത്തി പുതിയ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.<br>(2) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മകമായി ഇടപെടണം.<br>(3) ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കണം.<br>(4) ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്രവൽക്കരണം നടത്തുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകണം.<br>(5) തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>(6) കയർ മേഖലയ്ക്ക് നൽകുന്ന സഹായം കശുവണ്ടി മേഖലയ്ക്കും നൽകണം.<br>(7) കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.<br>(8) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളുമടങ്ങിയ എംപവേർഡ് കമ്മറ്റി വിളിച്ചു ചേർക്കണം.<br>(9) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ഒരു ദീർഘകാല പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ/ബാങ്ക്/വ്യവസായ പ്രതിനിധികളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം. |

സെക്ഷൻ ഓഫീസർ